## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6623

21.11.2019-ൽ മറുപടിക്ക്

### പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ശാക്തീകരണത്തിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നൈപുണ്യം നവീകരിച്ചും ആഴക്കടൽ മത്സ്യബന്ധനത്തിനായി പ്രത്യേക സംവിധാനമുള്ള മത്സ്യബന്ധന യാനങ്ങൾ നൽകിയും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ശാക്തീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ശാക്തീകരിക്കുന്നതിനായി നടപ്പാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മത്സ്യവിത്ത് ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (ബി) | മത്സ്യവിത്തുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി നിലവിലുള്ള ഫിഷ് സീഡ് ഫാമുകൾ/ഹാച്ചറികൾ നവീകരിക്കുന്നതിനും, പുതിയ ഹാച്ചറികൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 2019-20 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പുതിയ മത്സ്യവിത്തു ഫാമുകൾ, ഹാച്ചറികൾ, നേഴ്സറികൾ എന്നിവയുടെ പൂർത്തീകരണം, നിലവിലുള്ള ഫിഷ് സീഡ് ഫാമുകളുടെ/ ഹാച്ചറികളുടെ വികസനം, നടത്തിപ്പ്, സംരക്ഷണം നിലവിലുള്ള സർക്കാർ ഫാമുകളിൽ അധികം മത്സ്യവിത്തുല്പാദന യൂണിറ്റുകളുടെ നിർമ്മാണം എന്നിവയ്ക്കായി 1800 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതനുസരിച്ച് മത്സ്യവിത്തുല്പാദന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. നടപ്പു സാമ്പത്തിക വർഷം വിവിധ സീഡ് ഫാമുകൾ/ ഹാച്ചറികളിലായി 800 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഉൾനാടൻ മത്സ്യബന്ധന മേഖല വികസിപ്പിക്കുവാൻ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) | ഉൾനാടൻ മത്സ്യബന്ധന മേഖല വികസനത്തിനായി പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെൻറ് & ഫംങ്ഷനിങ് ഓഫ് എഫ്.എം.സി കൾ എന്ന പദ്ധതി പ്രകാരം പൊതു ജലാശയങ്ങളിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നടപ്പ സാമ്പത്തിക വർഷം 295 ലക്ഷം രൂപ പദ്ധതി നടത്തിപ്പിന് വകകൊളളിച്ചിട്ടുണ്ട്. ഇത് കൂടാതെ കായലിലെ തദ്ദേശീയ മത്സ്യങ്ങളെ സംരക്ഷിക്കുന്നതിന് വേമ്പനാട്, അഷ്ടമുടി കായലുകളിൽ സംരക്ഷണ പദ്ധതിയും നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ 11 റിസർവോയറുകളിൽ റിസർവോയർ ഫിഷറീസ് പദ്ധതി നടപ്പിലാക്കി വരുന്നു. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ അണക്കെട്ടിൽ കൂട് കൃഷി പദ്ധതിക്കുള്ള 3.2 കോടി രൂപയുടെ പ്രൊപ്പോസലിന് എച്ച്.എൽ.ഇ.സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഉൾനാടൻ മത്സ്യബന്ധനത്തിനും മൂല്യവർദ്ധിത മത്സ്യത്തിന്റേയും മത്സ്യ ഉല്പന്നങ്ങളുടെ ഉല്പാദനത്തിലും വിപണനത്തിലും മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ ശക്തികുളങ്ങരയിൽ പ്രവർത്തിച്ചുവരുന്ന മത്സ്യസംസ്കരണ കേന്ദ്രത്തിൽ മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങളുടെ നിർമ്മാണത്തിനുള്ള പരിശീലനം നൽകി വരുന്നുണ്ട്. മത്സ്യത്തൊഴിലാളി വനിതകൾക്കും മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങളുടെ നിർമ്മാണത്തിൽ താൽപര്യമുള്ള മറ്റ് ജനവിഭാഗങ്ങൾക്കും പരിശീലനം നൽകി വരുന്നു. കൂടാതെ മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന വിവിധ മേഖലകളിൽ കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ നൽകുന്നു. CIFT, NIFPHATT, Kochi എന്നീ Central Institute - കളിലാണ് പരിശീലനങ്ങൾ നൽകുന്നത്. ഇതിനായി 2019-20 സാമ്പത്തിക വർഷത്തിൽ കപ്പാസിറ്റി ബിൽഡിംഗ് എന്ന ശീർഷകത്തിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 1. കടൽസുരക്ഷ പദ്ധതി

2018-19 കടൽസുരക്ഷ പദ്ധതിയിലുൾപ്പെടുത്തി 556 ജിപി എസു കളും 1132 ലൈഫ്ബോയെകളും വിതരണം നടത്തിയിട്ടുണ്ട്. 2019-20 പദ്ധതിയിൽ GPS, DAT, VHF Marine radio എന്നീ കടൽ സുരക്ഷാ ഉപകരണങ്ങൾ 75 % സബ്സിഡിയോടുകൂടി 1500 എണ്ണം വീതം നൽകുന്നതിന് 9 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 750 മെക്കനൈസ്ഡ് യാനങ്ങളിൽ Vessel Monitoring System 50% സബ്സിഡിയോടുകൂടി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ 40% സബ്സിഡിയോടെ 200 എഫ് ആർ പി മത്സ്യബന്ധന യൂണിറ്റുകളും വിതരണം ചെയ്യുന്ന പദ്ധതിയും പരിശോധിച്ച് വരുന്നു.

### 2. ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി FRP ബോട്ട് നൽകുന്ന പദ്ധതി

ഓഖി ദുരന്തത്തിൽ നഷ്ടപ്പെട്ട മത്സ്യബന്ധന യാനത്തിലെ മത്സ്യത്തൊഴിലാളികൾക്ക് FRP യാനം നൽകുന്നതിനായി ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 120 യാനങ്ങൾക്കുള്ള ധനസഹായം ലഭ്യമാക്കുന്നതിന് 988 ലക്ഷംരൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 120 FRP ബോട്ടുകൾക്ക് 1.94 കോടി രൂപ കേന്ദ്ര ധനസഹായം ബ്ലൂറെവല്യൂഷനിൽ ഉൾപ്പെടുത്തി ലഭ്യമായിട്ടുണ്ട്. ബാക്കി ആവശ്യമായ 7.94 കോടി രൂപ ഓഖി ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

### 3. മത്സ്യത്തൊഴിലാളികൾക്കുള്ള ലൈഫ്ജാക്കറ്റ് വിതരണം

കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷക്കായി 40,000 പേർക്ക് സൗജന്യമായി ലൈഫ് ജാക്കറ്റുകൾ നൽകുന്നതിന് 610 ലക്ഷം രൂപ അനുവദിച്ചു. ഇതുവരെ 26,311 മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റുകൾ നൽകി. രണ്ടാംഘട്ടമായി 60,000 ലൈഫ് ജാക്കറ്റുകൾ കൂടി മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം പരിശോധിച്ച് വരുന്നു.

### 4. നാവിക് ഉപകരണങ്ങളുടെ വിതരണം

15,000 മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങൾ നൽകുന്നതിന് 15.93 കോടി രൂപ അനുവദിച്ചു. ആദ്യഘട്ടമായി 5000 നാവിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോണുമായി എഗ്രിമെൻറ് വെച്ചതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി 2.29 കോടി രൂപ കെൽട്രോണിന് കൈമാറി. ISRO സൗജന്യമായി നൽകിയ 250 നാവിക് ഉപകരണങ്ങൾ ഇതിനകം തന്നെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ വിതരണം ചെയ്തു കഴിഞ്ഞു. കെൽട്രോൺ ഇതുവരെ 1550 നാവിക് ഉപകരണങ്ങൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഇതിൽ 873 മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങൾ വിതരണം ചെയ്തു.

## 5. സാറ്റലൈറ്റ് ഫോണുകളുടെ വിതരണം

1,000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ്ഫോൺ നൽകുന്നതിന് 9.42 കോടി രൂപ അനുവദിച്ചു. ബി.എസ്.എൻ.എൽ. മായി ചേർന്ന് പദ്ധതി നടത്തിപ്പിനുള്ള നടപടി സ്വീകരിച്ചു. ഗുണഭോക്തൃ വിഹിതമായി 1000/- രൂപ പരമ്പരാഗതയാന ഉടമയും യൂണിറ്റ് വിലയുടെ 50% തുക യന്ത്രവത്കൃതയാന .ഉടമകളും അടക്കേണ്ടതുണ്ട്. ഇതുവരെ 158 പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഗുണഭോക്തൃ വിഹിതം അടച്ചു. ഇതിൽ 24 മത്സ്യത്തൊഴിലാളികളുടെ ഫോൺ ആക്ടിവേഷൻ ചെയ്തു. ബാക്കി 134 ഗുണഭോക്താക്കളുടെ 'SIM' പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## 6. നാടൻ വള്ളങ്ങൾ യന്ത്രവൽക്കരണം

നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി. യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

## 7. എൻ.സി.ഡി.സി ധനസഹായത്തോട്ടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)

എൻ.സി.ഡി.സി ധനസഹായത്തോട്ടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി) വഴി മത്സ്യഫെഡ് പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ സ്വായത്തമാക്കുന്നതിനുള്ള വായ്പ നൽകി വരുന്നു. 19 ഐ.എഫ്.ഡി.പി പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട്. 2018-19 വർഷം മുതൽ ഈ വായ്പ പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് നടപ്പിലാക്കുന്നത്. 25.69 കോടി രൂപയുടെ മത്സ്യബന്ധോപകരണങ്ങൾ പലിശ രഹിത വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

## 8. എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോട്ടുകൂടിയുള്ള ടേം വായ്പ പദ്ധതി

മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനായി മത്സ്യഫെഡ് മുഖേന എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോട്ടുകൂടിയുള്ള ടേം വായ്പ പദ്ധതി 6 ശതമാനം പലിശ നിരക്കിൽ 3 വർഷം വരെ കാലാവധിയിൽ വിതരണം ചെയ്തു വരുന്നു.

## 9. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി (MISS)

മത്സ്യഫെഡ് വിവിധ വായ്പാ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം, എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് വേണ്ടി മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഉപകരണ സുരക്ഷാ പദ്ധതിയാണിത്. മത്സ്യഫെഡിന്റെ വിവിധ വായ്പാ പദ്ധതികൾ (എൻ.സി.ഡി.സി. / എൻ.എം.ഡി.എഫ്.സി / എൻ.ബി.സി.എഫ്.ഡി.സി.) അനുസരിച്ച് വിതരണം ചെയ്യുന്ന

മത്സ്യബന്ധന ഉപകരണങ്ങൾ ഈ സുരക്ഷാ സ്കീമിൽ ഉൾപ്പെടുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ മത്സ്യഫെഡിൽ നിന്നും വായ്പയായി വിതരണം ചെയ്യുമ്പോൾ തന്നെ പ്രസ്തുത ഉപകരണങ്ങൾ അവയുടെ വിലയുടെ 4% പ്രീമിയം തുക ഈടാക്കിക്കൊണ്ട് ഉപകരണ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. ഈ സ്കീമിന്റെ പരിരക്ഷാ 3 വർഷത്തേയ്ക്ക് ലഭിക്കുന്നതാണ്.

## 10. ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ നൽകുന്ന പദ്ധതി

പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികളായ ട്യൂണ ലോംഗ് ലൈനിംഗ്, ഗിൽ നെറ്റിംഗ്, സ്ക്വിഡ് ജിഗ്ഗിംഗ് എന്നിവയിൽ ആവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 100 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വാങ്ങുന്നതിന് കേന്ദ്ര സർക്കാരിന് പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**